"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – സർക്കാരിന്റെ **100** ദിന കർമ്മപദ്ധതി – അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികൾക്ക് **100** തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി ഡി) വകുപ്പ്

സ.ഉ.(സാധാ) നം.1906/2026/LSGD തീയതി,തിരുവനന്തപുരം, 09-10-2026

പരാമർശം:- **1.** സ.ഉ.(കൈ)നം.**210/2010**/തസ്വഭവ തീയതി, **13/09/2010**

2. സ.ഉ.(സാധാ) നം.**1313/2026/LSGD** തീയതി **21.07.2026**

3. തദ്ദേശ സ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടറുടെ **27.07.2026** ലെ **LSGD/PD/12357/2026-DPLD3** നമ്പർ കത്ത്

4. സ.ഉ.(സാധാ) നം.**7792/2026/FIN** തീയതി **09.10.2026**

ഉത്തരവ്

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ നഗരപ്രദേശങ്ങളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി പരാമർശം **(1)** പ്രകാരം നടപ്പിലാക്കിയ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ **100** തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുന്ന പ്രവർത്തനം സർക്കാരിന്റെ **100** ദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. **2026-27** സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി പരാമർശം **(2)** പ്രകാരം ₹**165** കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ബജറ്റിൽ വകയിരുത്തിയിരുന്ന തുക അപര്യാപ്തമായതിനാൽ **100** തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുന്നതിന് **113** കോടി രൂപ കൂടി അധികമായി ആവശ്യമുണ്ടെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് അർബൻ ഡയറക്ടർ പരാമർശം **(3)** പ്രകാരം അറിയിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം **(4)** പ്രകാരം **113** കോടി രൂപ അധിക ധനവിഹിതമായി സർക്കാർ അനുവദിച്ചിട്ടുണ്ട്.

2) ഈ സാഹചര്യത്തിൽ സർക്കാരിന്റെ **100** ദിന കർമ്മപദ്ധതിയുടെ ഭാഗമായി അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ പ്രതിവർഷം ഒരു കുടുംബത്തിന് **100** തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തിക്കൊണ്ടും ഇക്കാര്യം അയ്യൻകാളി നഗര തൊഴിലുറപ്പു പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്
അർബൻ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.**(E:3597159: Dev-2/179/2026-FIN)**
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Digitally signed by Preetha P R
Date: 12-10-2026 10:30:14

സെക്ഷൻ ഓഫീസർ